Social



Karoor Soman



യേറുശലേം ദേവാലയം

# പാവനസ്മരണകളുണർത്തുന്ന പുണ്യഭൂമികൾ

ലോകമെങ്ങും വിശ്വാസസമൂഹങ്ങൾ ധാരാളം ആരാധനാലയങ്ങൾ പുണ്യഭൂമികളായി താലോലിച്ച് ഉയർത്തികെട്ടുകയും പലതും പ്രകൃതിക്ഷോഭങ്ങളിൽ മണ്ണോട് ചേർന്നു ചേരുകയും തകർക്കപ്പെടുകയും ചെയ്തിട്ടുണ്ട്. മുന്തിരിവള്ളിയും അത്തിവൃക്ഷവും നീരൊഴുക്കുമുള്ള ഇസ്രായേൽ രാജ്യത്ത് അധികാരവും സമ്പത്തുമുപയോഗിച്ച് (ബി.സി. 922 - 961) ൽ ലോകാത്ഭുതമായ യേറുശലേം ദേവാലയം ശലോമോൻ രാജാവ് നിർമ്മിച്ചു. അത് ദൈവത്തെ പ്രീതിപ്പെടുത്താൻ പൗരോഹിത്യ പ്രേരണയാൽ നിർമ്മിച്ചതായിരുന്നു. സ്വർണ്ണം നിറഞ്ഞ ആ ദേവാലയത്തെ പല സാമ്രാജ്യങ്ങളും ആക്രമിച്ച് കൊള്ള ചെയ്തിട്ടുണ്ട്. ഇന്ന് അതിന്റെ അവശിഷ്ടമായുള്ളത് ഒരു മതിലാണ്. ലോകമെങ്ങുമുള്ള യഹൂദർ വന്ന് അതിൽ തലതല്ലി പ്രാർത്ഥിക്കുന്നത് കാണാം. നഷ്ടപ്പെട്ട ദേവാലയം പുനരുദ്ധരിക്കാൻ അവർ ഒരു വസന്തകാലം നോക്കിയിരിക്കുന്നു. 'ശാലോം' എന്നാൽ സമാധാനം എന്നാണ്. മതരാജ്യമായ ഇസ്രായേലിൽ മാത്രമല്ല ഇറാൻ, പാക്കിസ്ഥാൻ അങ്ങനെ പല മത രാജ്യങ്ങളിലും

സമാധാനമില്ല. അസമാധാനത്തിന് കാരണം ജാതി മത രാഷ്ട്രീയ കൂട്ടുകെട്ടുകളാണ്. രാമന്റെ അയോദ്ധ്യ ക്ഷേത്രം തിളങ്ങുന്ന നക്ഷത്രമായി ലോകമെങ്ങുമുള്ള വിശ്വാസ തീർത്ഥാടകരുടെ ഒരു സംഗമഭൂമിയായി മാറുമ്പോൾ അവിടെ സമാധാനം പുഞ്ചിരിതൂകുന്ന പുലരിയായി വിടരണം.

ഇന്ത്യയിൽ ഇബ്രാഹിം ലോദിയെ യുദ്ധത്തിൽ പരാജയപ്പെടുത്തിയാണ് ബാബർ (ജഹ്റുദീൻ മുഹമ്മദ്, ഇ.ഡി 1483 -1530) ദില്ലി സിംഹാസനം പിടിച്ചെടുക്കുന്നത്. അദ്ദേഹത്തെ ചരിത്രം വിലയിരുത്തുന്നത് മഹാനായ ഭരണാധികാരി, സർദാർ പട്ടേലിനെപോലെ നാട്ടുരാജ്യങ്ങളെ ഒരു കുടകീഴിൽ കൊണ്ടുവന്നു. (എന്റെ പട്ടേൽ ജീവചരിത്രം 'കാരിരുമ്പിന്റെ കരുത്തി'ലും എഴുതിയിട്ടുണ്ട്) കലാസാഹിത്യത്തെ വളർത്തിയ വ്യക്തി തുടങ്ങിയ നന്മയുടെ പ്രതീകങ്ങളായിട്ടാണ്. ധാരാളം മാനുഷിക മൂല്യങ്ങളുണ്ടായിരുന്ന ബാബർ എന്തിനാണ് രാമക്ഷേത്രം തകർത്ത് അവിടെ മസ്ജിദ് തീർത്തതെന്ന് ചോദ്യമുയർന്നിട്ടുണ്ട്. അതിന് ചിലർ നൽകുന്ന ഉത്തരം അദ്ദേഹത്തിന്റെ സേനാനായകനായിരുന്ന മീർ ബാഖി ഹിന്ദുക്കളോടുള്ള വിരോധമെന്നാണ്. ഇങ്ങനെ വാദപ്രതിവാദങ്ങൾ പലതുണ്ട്. എന്തായാലും 2003 ൽ പുരാവസ്തു ഗവേഷകർ കണ്ടെത്തിയത് മസ്ജിദിന് താഴെ ക്ഷേത്രമുണ്ടായിരുന്നു എന്നാണ്. ഇങ്ങനെ സിന്ധുനദിതട സംസ്കാരത്തിന്റെ അടയാളങ്ങൾ സർ അലക്സാണ്ടർ കണ്ണിങ്ഹാം കണ്ടെത്തിയിട്ടുണ്ട്. ഭൂമി തുരന്നു ചെന്നാൽ ഭാരതത്തിന്റെ പല ഭാഗങ്ങളിലും ഇതിഹാസ ചരിത്രങ്ങൾ ഉറങ്ങികിടക്കുന്നത് കാണാം. മനുഷ്യരെ തമ്മിലകറ്റുന്ന, സമൂഹത്തിൽ കലഹ മുണ്ടാക്കുന്ന ഗവേഷണ ദേവന്മാരെ ഇനിയും നിങ്ങൾ ഭൂമിക്കടിയിലൂടെ തുരന്നുപോകുന്നത് ഏത് ദൈവത്തെത്തേടിയാണ്?

> **മനുഷ്യരുടെ കരവിരുതിൽ അണിഞ്ഞൊരുങ്ങിയ പല ദേവാലയങ്ങൾ, ഭീമൻ കോട്ടകൾ തകർത്തെറിയപ്പെട്ട കാലങ്ങളുണ്ട്. പണിയാനൊരു കാലം, തകർക്കാനൊരു കാലം. ഇതെല്ലാം സംഭവിക്കുന്നത് ആത്മാവിന്റെ, സത്യത്തിന്റെ വെളിച്ചം മനുഷ്യരില്ലാത്തതാണ്.**

മനുഷ്യരുടെ കരവിരുതിൽ അണിഞ്ഞൊരുങ്ങിയ പല ദേവാലയങ്ങൾ, ഭീമൻ കോട്ടകൾ തകർത്തെറിയപ്പെട്ട കാലങ്ങളുണ്ട്. പണിയാനൊരു കാലം, തകർക്കാനൊരു കാലം. ഇതെല്ലം സംഭവിക്കുന്നത് ആത്മാവിന്റെ, സത്യത്തിന്റെ വെളിച്ചം മനുഷ്യരില്ലാത്തതാണ്. യഥാർത്ഥ ഭക്തരിൽ ഈശ്വരന്റെ നിശ്വാസവും സുഗന്ധവുമുണ്ടായിരിക്കും. അവരുടെ ഹൃദയവും വീട്ടിലെ പൂജാമുറിയും ദേവാലയമാണ്. ഒരു വ്യക്തിയുടെ ആത്മചൈതന്യം എന്തെന്ന് ചോദിച്ചാൽ എല്ലാവരെയും ഉൾകൊള്ളുന്ന സ്നേഹമാണ്. ആത്മവിലലി







അയോദ്ധ്യ ക്ഷേത്രം

യുന്ന സംഗീതമാണ്. മനുഷ്യർ ആത്മീയ ചിന്തകളിൽ നിന്ന് അധികാര ആഢംബര ദുർമോഹങ്ങളിലേക്ക് പോകുന്നതുകൊണ്ടണ് ആത്മാവിനെ അനുഭവിക്കാൻ സാധിക്കാത്തത്. അവിടെ ജഡികമോഹങ്ങൾ ആത്മാവിന് എതിരാണ്. മുൻകാലങ്ങളിൽ അധികാരമുറപ്പിക്കാൻ യുദ്ധങ്ങളായിരുന്നെങ്കിൽ ഇന്ന് പല രാജ്യങ്ങളിലും യുദ്ധങ്ങൾ നടത്തുന്നത് മതങ്ങളാണ്. മത മൗലിക വാദികൾ, മതഭ്രാന്തന്മാർ, വർഗ്ഗീയവാദികൾ ഒരു ഭാഗത്തും മതേതരവാദികൾ മറുഭാഗത്തും തമ്മിലടിക്കുന്നു. ഈ പ്രപഞ്ചശക്തി ഒരു മതവുമുണ്ടാക്കിയിട്ടില്ല. അക്ഷരം വായിക്കുന്നവൻ, ആത്മാവിനെയറിയുന്നവൻ ഇവരുടെ ഇരകളായി മാറില്ല. ഇന്ത്യയിൽ നടന്നുകൊണ്ടിരിക്കുന്ന കെട്ടുകാഴ്ചകൾ കണ്ടാൽ പുരാതന കാലത്ത് ജീവിച്ചിരുന്ന ശലോമോനും ബാബറും ഈ പുരോഗമന-ആത്മീയ വാദികളും തമ്മിൽ എന്താണ് വിത്യാസം? ഈ ആധുനിക യുഗത്തിലും വികല ചിന്തകൾ. കാലം പുരോഗമിച്ചത് ഇവർ അറിഞ്ഞില്ലേ?

രാജഭരണകാലങ്ങളിൽ മനുഷ്യമൂല്യങ്ങളോ, മനുഷ്യസമത്വമോ, സ്വാതന്ത്ര്യമോ ഇല്ലാതെ അരാജകത്വത്തിൽ അല്ലെങ്കിൽ ഇരുണ്ട കാലത്ത് ജീവിക്കുമ്പോഴാണ് ബ്രിട്ടീഷ് ഭരണമെത്തുന്നതും പല അന്ധവിശ്വാസങ്ങളും തുടച്ചു നീക്കപ്പെട്ടത്.

കേരളത്തിൽ ജനിച്ചുവളർന്ന ഗുരുദേവൻ പറഞ്ഞു ജനങ്ങളെ ബോധവൽക്കരിക്കാൻ ഒരു മാർഗ്ഗമായുള്ളത് വിദ്യ അല്ലെങ്കിൽ അറിവ്. അതുപോലും സവർണ്ണ പൗരോഹിത്യം അനുവദിച്ചില്ല. തിരുവിതാംകൂറിലെ നല്ല ഭരണകർത്താക്കൾ മനുഷ്യരെ അറിവിലേക്ക് വളർത്താൻ വിദ്യാഭ്യാസസ്ഥാപനങ്ങൾ തുടങ്ങി. പ്രമുഖരായ ബുദ്ധിജീവികളുടെ പുസ്തകങ്ങളും പഠനങ്ങളും നാട്ടിലെത്തിച്ചു. നിർഭാഗ്യമെന്ന് പറയാൻ ഇന്ന് ഇന്ത്യയിൽ പഠിപ്പിക്കുന്നത് ജാതി, മതം, അരാഷ്ട്രീയം, കച്ചവട സിനിമകളോടുള്ള അതിരറ്റ വികാരപ്രകടനങ്ങളാണ്. ഇവിടെയെല്ലാം നടക്കുന്നത് ചൂഷണങ്ങളാണ്. പിറന്നുവീഴുന്ന കുഞ്ഞിനെയും ജാതിയിൽ മുദ്രകുത്തി ഒരു ജനതയെ മുഴുവൻ അതിന്റെ പേരിൽ തമ്മിലടിപ്പിക്കുന്നു. അതിന്റെ മറവിൽ അധികാരത്തിലെത്തുന്നു. ഇത് എന്ത് ജനാധിപത്യമാണ്?

സമൂഹത്തിൽ നടക്കുന്ന വൈകല്യങ്ങൾക്കെതിരെ പ്രതികരിച്ചതിനും നിസ്സഹയരായ പാവങ്ങളെ സഹായിച്ചതിനും ഭാരതത്തിൽ എത്രയോ നല്ല മനുഷ്യർ കൊല്ലപ്പെട്ടു. കൽബുർഗി, പൻസാരെ, ധബോൽക്കർ, ഗൗരിലങ്കേഷ്, മുഹമ്മദ് അഖലാഖ്, സ്റ്റാൻ സ്വാമി, ഗ്രഹാം സ്റ്റൈൻസ്, ഇൻഡോർ റാണി എന്നറിയപ്പെടുന്ന സിസ്റ്റർ റാണി മരിയ ഇങ്ങനെ ചരിത്രത്താളുകളിൽ ഇടം പിടിച്ച വർഗ്ഗീയ വാദികളാൽ കൊല്ലപ്പെട്ട രക്തസാക്ഷികൾ ധാരാളമാണ്. ഇവരാരും രാജ്യദ്രോഹ കുറ്റം ചുമത്തിയവരല്ല. മനുഷ്യ നന്മകൾക്കായി പ്രവർത്തിച്ചവരാണ്. ഈശ്വര ചൈതന്യം എന്തെന്നറിയാത്ത പിശാചിന്റെ സന്തതികൾക്ക് മനഃസമാധാനം കിട്ടുമോ?

ഇന്ത്യയിലെ രാജാധിപത്യവും പൗരോഹിത്യവും നമ്മെക്കൊണ്ടെത്തിച്ചത് മനുഷ്യ മൃഗങ്ങളെ കൊലപ്പെടുത്തി രക്തം കുടിച്ച് ദേവീ ദേവന്മാരെ പ്രീതിപ്പെടുത്തി ആത്മീയ രംഗത്ത് ഒരു ജീർണ്ണ സംസ്കാരം വളർത്തുന്നതിലായിരുന്നു. ആ കാടത്ത അനാചാരത്തിൽ നിന്ന് മനുഷ്യർ മാറി വായനയിലും അറിവിലും അഭിനിവേശമുള്ളവരായി മാനവികത എന്തെന്ന് ഭൂരിപക്ഷമില്ലെങ്കിലും ന്യൂനപക്ഷക്കാരായി മാറി ശക്തവും സുന്ദരവുമായ ഒരു ഭാവിയിലേക്ക് കടന്നുവന്നിട്ടുണ്ട്. മുൻപ് ബുദ്ധമത ക്ഷേത്രങ്ങൾ പലതും തകർക്കപ്പെട്ടു. മണിപ്പൂരിൽ എത്രയോ ക്രിസ്തീയ ദേവാലയങ്ങൾ തകർക്കപ്പെട്ടു. ഇന്ത്യയിൽ പലയിടത്തും ന്യൂനപക്ഷങ്ങൾ പാവങ്ങൾ, ദളിതർ ദുഃഖ ദുരിതമനുഭവിക്കുന്നു. ദരിദ്ര്യവർഗ്ഗത്തിന്റെ ഹൃദ

യ സ്പന്ദനങ്ങൾ എന്തെന്ന് തിരിച്ചറിയാത്ത രാഷ്ട്രീയ പാർട്ടികൾ ഇന്ത്യയിലെങ്ങും. സ്വജനപക്ഷവാദം മാത്രമല്ല ജാതീയ വർഗ്ഗീയതകൾ വളർത്തി രാജ്യത്തിന്റെ കെട്ടുറപ്പ് തകർക്കുന്നത് കാണാതിരിക്കരുത്. ഇന്ത്യയുടെ രാഷ്ട്രപിതാവ് 1930 ൽ പറഞ്ഞത് 'എന്റെ മതം എന്റെ രാജ്യമാണ്' ഇത് പറയാൻ നട്ടെല്ലില്ലാത്തവർ അധികാരത്തിനായി ജാതിമതങ്ങളെ മുൻനിർത്തി ഇന്ത്യൻ ജനാധിപത്യത്തെ ഒരു വില്പന ചരക്കാക്കി മാറ്റുന്നതല്ലേ കാണുന്നത്?

ജാതി മതം നോക്കി കാണപ്പെടാത്ത ദൈവങ്ങളെ നോക്കി സ്ഥാനാർത്ഥികളെ നിർത്തുന്നതാണോ രാജ്യസ്നേഹം? ഇവരാണോ ജനസേവകർ? പാശ്ചാത്യ രാജ്യങ്ങളിൽ റോമൻ ചക്രവർത്തിമാരുടെ ജൂപ്പിറ്റർ, ജുനോ തുടങ്ങി നൂറുകണക്കിന് ദേവീദേവന്മാരുടെ വിഗ്രങ്ങൾ ഗ്രീസടക്കം യൂറോപ്പിലെങ്ങും തകർന്നുതരിപ്പണമായത് ഞാൻ നേരിൽ കണ്ടിട്ടുണ്ട്. അത് എന്റെ പല യാത്രാവിവരണങ്ങളിൽ എഴുതുകയും ചെയ്തു. ലോക ദാരിദ്ര്യ പട്ടികയിൽ ഇന്ത്യയുടെ റാങ്ക് നിര അത്ര നല്ലതല്ല. ഒരു രാജ്യം ഒരു സംസ്ഥാനം നേരിടുന്ന നീറുന്ന പ്രശ്നങ്ങളെ

**ജീവിതത്തിൽ വേദനയും മധുരവും ഒഴുവാക്കാനാവാത്ത കുടിയിറക്കലും കുടിയൊഴിപ്പിക്കലുമാണ്. കലഹം അതിന്റെ കൂടപ്പിറപ്പുകളാണ്. അവിടെ പരിഹാസ്യരായി ഏത് മത വിശ്വാസിയാലും മാറരുത്. മനുഷ്യർ കെട്ടിപ്പൊക്കുന്ന ഈ ദേവാലയങ്ങളും ദൈവങ്ങളും നമ്മുടെ മരണത്തോടെ അവസാനിക്കുന്നു.**

ജാതിപ്പുതപ്പ് മാറ്റി പരിഹരിക്കാനാണ് ശ്രമിക്കേണ്ടത്. അതിന് വേണ്ടത് മനസ്സിന്റെ വിശാലതയാണ്. ജീവിതത്തിൽ വേദനയും മധുരവും ഒഴുവാക്കാനാവാത്ത കുടിയിറക്കലും കുടിയൊഴിപ്പിക്കലുമാണ്. കലഹം അതിന്റെ കൂടപ്പിറപ്പുകളാണ്. അവിടെ പരിഹാസ്യരായി ഏത് മത വിശ്വാസിയാലും മാറരുത്. മനുഷ്യർ കെട്ടിപ്പൊക്കുന്ന ഈ ദേവാലയങ്ങളും ദൈവങ്ങളും നമ്മുടെ മരണത്തോടെ അവസാനിക്കുന്നു. അധികാരത്തിന് വേണ്ടി ആരാണ് ജനങ്ങളെ കബളിപ്പിക്കുന്നതെന്ന് സ്വയം തീരുമാനിക്കുക. ജാതിമത അതിർവരമ്പുകൾ വലിച്ചെറിയുക. ഇന്ത്യയുടെ സമത്വം, സാഹോദര്യത്തിനായി നിലകൊള്ളുക. പാശ്ചാത്യ രാജ്യങ്ങളിൽ കാണുന്നതുപോലെ ഇന്ത്യയിലെ പ്രമുഖ തീർത്ഥാടന കേന്ദ്രങ്ങൾ മ്യൂസിയങ്ങളായി മാറ്റി ടൂറിസത്തിൽ പുരോഗതി കൈവരിക്കുക. എന്തും കണ്ട് പുളകിതരായി മഥിക്കുന്ന ഒരു ജനത ദൈവങ്ങളെ വില്പനചരക്കായി വിറ്റഴിക്കരുത്. ഇന്നത്തെ ഇന്ത്യൻ ആത്മീയ കേന്ദ്രങ്ങളിൽ കേരളമടക്കം ഈശ്വരന്റെ കാലടികളോ അതോ പിശാചിന്റെയോ ഒരു നിമിഷമോർക്കുക.



മണിപ്പൂർ കലാപം